# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/പി-1/746/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 29/06/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/പി-1/746/2021 തീയ്യതി: 29/06/2021

# കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-09-2019 മുതൽ 17-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 26-09-2019 മുതൽ 17-06-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഹരി കെ പി ഓഡിറ്റ് ഓഫീസർ
രാമദാസ് എം അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ടി.പി. അബ്ദുൾ നസീർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷിനിത്ത് എ സീനിയർ ഗ്രേഡ് ഓഡിറ്റർ
അഫ്സൽ ടി എം ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിബിൻ ജോസഫ് | സെക്രട്ടറി | 01-04-2019 | 31-03-2020 |
| മുനീറത്ത് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുഭാഷ്കുമാർ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 21-07-2019 |
| സിദ്ധീക്ക് കുട്ടി | അസിസ്റ്റന്റ് സെക്രട്ടറി | 22-07-2019 | 31-03-2020 |
| അനീഷ് എസ് | അസിസ്റ്റന്റ് എന്ജിനീയർ | 01-04-2019 | 13-08-2019 |
| സുരഭി കെ | അസിസ്റ്റന്റ് എന്ജിനീയർ | 14-08-2019 | 31-03-2020 |
| സുലേഖബി | കൃഷി ഓഫീസർ | 01-04-2019 | 19-05-2019 |
| അമിത സിസിൽ | കൃഷി ഓഫീസർ | 20-05-2019 | 23-09-2019 |
| റുബീന എം | കൃഷി ഓഫീസർ | 24-09-2019 | 01-12-2019 |
| അർച്ചന ശ്യാം കെ ടി | കൃഷി ഓഫീസർ | 02-12-2019 | 17-02-2020 |
| വിജയ കൃഷ്ണൻ | കൃഷി ഓഫീസർ | 18-02-2020 | 31-03-2020 |
| ഡോ മൃദുല റോയ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ ടെസ്സി മെറിൻ | മെഡിക്കൽ ഓഫീസർ(ആയു) | 01-04-2019 | 07-08-2019 |
| ഡോ അനു ഓ ജി | മെഡിക്കൽ ഓഫീസർ(ആയു) | 08-08-2019 | 31-03-2020 |
| റുമൈസ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2019 | 14-10-2019 |
| സനൽ | ഡയറിഫാം ഇൻസ്ട്രക്ടർ | 14-10-2019 | 31-03-2020 |
| മുഹമ്മദ് സഹീർ | വി ഇ ഓ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| എം റിജു | വി ഇ ഓ | 01-04-2019 | 04-05-2019 |
| ഷേളിത വി ടി | വി ഇ ഓ | 08-08-2019 | 31-03-2020 |
| അഞ്ജു ആനന്ദ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| സുരേന്ദ്രൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ ഡോളി അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |

..

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Afsal T.M (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക -പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Afsal T.M (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Afsal T.M (Auditor, On 22-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Afsal T.M (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-5 |
| 6 | ക്യാഷ് ബാലൻസ്<br>Written By: Afsal T.M (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Hari. K.P (Audit Officer (HG), On 27-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-7 |
| 8 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-8 |
| 9 | 12 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -വിശദീകരണം തേടുന്നത് -സംബന്ധിച്ച്<br>Written By: Afsal T.M (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-9 |
| 10 | 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് -സംബന്ധിച്ച്<br>Written By: Afsal T.M (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-10 |
| 11 | പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം അടവാക്കുന്നതിൽ വീഴ്ച്ച -കൃത്യമായ പരിശോധന സംവിധാനത്തിന്റെ അഭാവം<br>Written By: Afsal T.M (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-11 |
| 12 | സർക്കാർ അംഗീകാരമില്ലാതെ ലേലതുകയിൽ കിഴിവ് അനുവദിച്ചു<br>Written By: Shinith A (Senior Grade Auditor, On 27-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-12 |
| 13 | ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: Shinith A (Senior Grade Auditor, On 27-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-13 |

| | | |
|---|---|---|
| 14 | തൊഴിൽ നികുതി<br>Written By: Shinith A (Senior Grade Auditor, On 27-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-14 |
| 15 | കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയിൽ യഥാവിധി നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Shinith A (Senior Grade Auditor, On 27-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-15 |
| 16 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ആർക്കേഡ് - പഞ്ചായത്തിന് അധിക ബാധ്യതയും മറ്റ് അപാകതകളും..<br>Written By: Hari. K.P (Audit Officer (HG), On 28-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-16 |
| 17 | കിഴക്കും കര നക്ഷത്ര വന നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-17 |
| 18 | കല്യാണ മണ്ഡപത്തിന് മേശ, കസേര പദ്ധതി - പർച്ചേഴ്സ് അപാകതകൾ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-18 |
| 19 | ഗ്രാമവനത്തിൽ മുളങ്കാടുകൾ വെച്ചുപിടിപ്പിക്കൽ - തുക മുൻകൂറായി നല്കിയിട്ടും പദ്ധതി നടപ്പിലാക്കിയില്ല.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-19 |
| 20 | ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: RAMDAS M. (Asst. Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-20 |
| 21 | കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-21 |
| 22 | തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി പ്രവൃത്തി നടത്തുന്നു.<br>Written By: RAMDAS M. (Asst. Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-22 |
| **ഭാഗം 2** | | |
| 1 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 27-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 2-1 |
| 2 | സർക്കാർ അംഗീകാരമില്ലാതെ ലേലതുകയിൽ കിഴിവ് അനുവദിച്ചു<br>Written By: Shinith A (Senior Grade Auditor, On 28-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 2-2 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | | 4-1 |

| | | |
|---|---|---|
| | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Afsal T.M (Auditor, On 23-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 23-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 23-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 23-06-2021)<br>Last Updated By: Afsal T.M (Auditor, On 23-06-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Afsal T.M (Auditor, On 23-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Afsal T.M (Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Afsal T.M (Auditor, On 24-06-2021)<br>Last Updated By: Afsal T.M (Auditor, On 24-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Afsal T.M (Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Afsal T.M (Auditor, On 24-06-2021)<br>Last Updated By: Afsal T.M (Auditor, On 24-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Afsal T.M (Auditor, On 27-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Afsal T.M (Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6449251 |
| വരവ് | 244934500 |
| ആകെ | 251383751 |
| ചെലവ് | 236136117 |
| നീക്കിയിരിപ്പ് | 15247634 |

25.2.2019ലെ ഭരണസമിതിയുടെ യോഗത്തിലെ തീരുമാനം നമ്പർ 1.1 പ്രകാരം വാർഷിക ബജറ്റ് അംഗീകരിച്ചു. ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് 17.2.2020 ലെ 2/1 തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക -പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 17.06.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. തൻ വർഷത്തെ RP 43 പ്രകാരം Recievables For Property Tax On Residential Buildings(Current) 1648920/- രൂപയും, Recievables For Property Tax On Residential Buildings(Arrear) 11593/- രൂപയുമാണ്. സഞ്ചയ അബ്സ്ട്രാക്റ്റ് പ്രകാരം ഇത് യഥാക്രമം 1633463/- രൂപയും, 17050/- രൂപയുമാണ്.
2. തൻ വർഷത്തെ RP 43 പ്രകാരം Recievables For Property Tax On NonResidential Buildings(Arrear) 5213/- രൂപയാണ്. സഞ്ചയ അബ്സ്ട്രാക്റ്റ് പ്രകാരം ഇത് 6140/- രൂപയാണ്
3. തൻ വർഷത്തെ RP 43 പ്രകാരം Rent Receivable From Buildings(Current) 1256014/- രൂപയാണ്. Rent Register പ്രകാരം ഇത് 1256778/- രൂപയാണ്
4. തൻ വർഷത്തെ B15 പ്രകാരം കുടിശ്ശിക Recievables For Property Tax On Residential Buildings(Current) 45760/- രൂപയും, Recievables For Property Tax On Non Residential Buildings 74718രൂപയുമാണ്. സഞ്ചയ അബ്സ്ട്രാക്റ്റ് പ്രകാരം ഇത് യഥാക്രമം 45154/- രൂപയും, 71041/- രൂപയുമാണ്.
5. തൻ വർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല
6. തൻ വർഷത്തെ B-12 പ്രകാരം Fixed Deposite 599630/- രൂപയാണ്, രജിസ്റ്റർ പ്രകാരം ഇത് ഇത് 606873/- രൂപയാണ്
7. ആസ്തി രജിസ്റ്റർ പൂർണമല്ല.
8. വാർഷിക കണക്കിൽ, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12734298 |
| ഓഡിറ്റ് വർഷത്തെ വരവ് | 87958884 |
| ആകെ | 100693181 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 89192668 |
| നീക്കിയിരിപ്പ് | 11500513 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക | ക്യൂ ബിൽ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17598958 | 17598958 | 13244951 | 4354007 | 2289678 |
| വികസന ഫണ്ട് (എസ് സി പി) | 0 | 11901176 | 11901176 | 6171612 | 5729564 | 1805382 |
| വികസന ഫണ്ട്- ടി.എസ്.പി | - | 0 | | | | |
| മെയിന്റനൻസ്, റോഡ് | - | 7817000 | 7817000 | 3347700 | 4469300 | 418210 |
| മെയിന്റനൻസ്, നോൺ-റോഡ് | - | 4054000 | 4054000 | 3133822 | 920178 | 695335 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 10517593 | 10517593 | 3205805 | 7311788 | 5504352 |
| കേന്ദ്രാവിഷ്കൃതം (ഐ.സ്.ഡി.എസ്)* | 886995 | 1084444 | 1971439 | 677028 | 1294411 | |
| ടി എസ് സി | 1178750 | 67899 | 1246649 | 1010235 | 236414 | |
| പൈക്ക | 53570 | 937 | 54507 | 0 | 54507 | |
| എം പി ഫണ്ട് | 902004 | 2114126 | 3016130 | 2991259 | 24871 | |
| സംസ്ഥാനാവിഷ്കൃതം (ശുചിത്വ മിഷൻ) | 1878091 | 0 | 1878091 | 0 | 1878091 | |

1. 2019-20 വർഷത്തിൽ 14474957/- രൂപ ക്യൂ ബിൽ ആണ്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലേക്ക് പദ്ധതികൾ നീട്ടി കൊണ്ട് പോവുന്നത് കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. നടത്തിപ്പിൽ കാലതാമസമുണ്ടാവാതിരിക്കാൻ ഭരണസമിതി പദ്ധതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 133645271 | 56276124 | 77 | 53 | 56 | 41.39 |

## 1-6 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-06--2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് കണ്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

പഞ്ചായത്തിൽ നിന്നും നിർവഹണോദ്യോഗസ്ഥർക്ക് ഇഷ്യൂ ചെയ്ത രസീതി പുസ്തകങ്ങളിലെ വരവുകൾ യഥാസമയം പൂർണമായും പഞ്ചായത്ത് അക്കൌണ്ടിൽ അടക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടുന്നില്ല .

രജിസ്റ്റർ പ്രകാരം കൃഷി ഓഫീസർക്ക് വിതരണം ചെയ്ത 62513,62514 നമ്പർ രസീതി പുസ്തകങ്ങൾ, ഉപയോഗിക്കാത്തത് കൊണ്ട് പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചതായി കൃഷി ഓഫീസർ അറിയിച്ചു. എന്നാൽ ഇത് തിരിച്ച് സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. ഇവ പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല.

വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ചെക്ക് & ഡ്രാഫ്റ്റ് രജിസ്ററർ, ഡി.സി.ബി. ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

## 1-8 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 70 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത് . ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധക മാക്കിയ നികുതി നിരക്ക് | ബാധക മാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം) +ലൈബ്രറി സെസ്സ്) | ബാധക മാക്കേണ്ട നികുതി നിരക്ക് | ബാധക മാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം) + ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|
| I/301 A<br>മുഹമ്മത്,<br>കുറുവാടങ്ങൽ,<br>ചെറുവാടി,<br>(നികുതി പ്രാബല്യത്തിൽ വരുന്ന | 138.75 | 50 | (വഴി സൗകര്യം 20% വർദ്ധനവ്,)<br>മേൽക്കൂര ഇളവ് 10%<br>മേഖല ഇളവ് 10%) | 70 | വഴി സൗകര്യം 20% വർദ്ധനവ്,)<br>മേൽക്കൂര ഇളവ് 10%<br>മേഖല ഇളവ് 10%) | 2014-15=2914<br>2015-16=2914<br>2016-17=2914 |

| | | | | | | |
|---|---|---|---|---|---|---|
| തിയതി-2014 ഒന്നാം അർദ്ധവർഷം മുതൽ) | | | 6938+347 =7285 | | 9713+486 =10199 | 2017-18=2914<br>2018-19=2914<br>2019-20=2914<br>Total=17484<br>(16650+834) |
| പാത്തുമ്മ, പുൽക്കണ്ടി,<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2014 ഒന്നാം അർദ്ധവർഷം മുതൽ) | 111.18 | 50 | വഴി സൗകര്യം 20% വർദ്ധനവ്,)<br>6671+334 =7005 | 70 | വഴി സൗകര്യം 20% വർദ്ധനവ്,)<br>9391+470 =9861 | 2014-15=2856<br>2015-16=2856<br>2016-17=2856<br>2017-18=2856<br>2018-19=2856<br>2019-20=2856<br>Total=17993<br>(17136+857) |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത് ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. (ഓഡിറ്റ് കാലയളവിലെ നഷ്ടം 5768/- രൂപ (2775+2720= 5495, ഗ്രന്ഥശാലാവരി 273 രൂപ).

## 1-9 12 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -വിശദീകരണം തേടുന്നത് -സംബന്ധിച്ച്

സഞ്ചയയിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അസസ്സ്മെന്റ് (ഫോറം 6), പരിശോധിച്ചപ്പോൾ 12ച.മി. വരെ വിസ്തൃതിയുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള 128 കെട്ടിടങ്ങൾ ഉള്ളതായി കണ്ടെത്തി. എതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച മി) | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 4/316 | 8 | ആമിന, മാങ്ങാട്ട്, |
| 2 | 5/48 | 5 | അബ്ദുള്ള, തെങ്ങുംതയ്യിൽ |
| 3 | 13/420 | 10 | മുഹമ്മദാലി, കരിശ്ശേരി |
| 4 | 14/422 | 6 | മുഹമ്മദാലി, കരിശ്ശേരി |

മേൽ കെട്ടിടങ്ങളുടെയെല്ലാം വിസ്തൃതി വാണിജ്യ കെട്ടിടങ്ങൾക്ക് സമാനമായതാണ് കൂടാതെ ഈ കെട്ടിടങ്ങളുടെയെല്ലാം തൊട്ടടുത്തുള്ള കെട്ടിടങ്ങൾ വാണിജ്യ കെട്ടിടങ്ങളാണെന്ന് സഞ്ചയ പരിശോധനയിൽ വ്യക്തമാണ്. ആയതിനാൽ തന്നെ ഇത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമം പരിശോധിക്കേണ്ടതും, ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-10 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് -സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207, സ.ഉ. (എം.എസ്) 358/15 തി.16.12.2015 എന്നിവ പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള നിരവധി കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 4/158 | 69ച.മീ | അബ്ദുൾ കരീം, കാളാമ്പലത്ത് | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 13/546 | 62 | പി.കെ. അബ്ദുൾ റസാക്ക്, പുളിയുള്ളകണ്ടി | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 14/63 | 75 | ലിയാഖത്തലിഖാൻ, കളത്തിൽ | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 14/155 A | 70 | വേണു, പുലിയപുറത്തിമ്മൽ, കച്ചേരിക്കുന്ന്, മാവൂർ, 673661 | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 15/5 | 64 | കദീശ, പുളക്കോട് | രേഖപ്പെടുത്തിയിട്ടില്ല |

കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 1-11 പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം അടവാക്കുന്നതിൽ വീഴ്ച -കൃത്യമായ പരിശോധന സംവിധാനത്തിന്റെ അഭാവം

വിവിധ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം വാങ്ങുന്നതിനായി 23-03-2020 ന് 5 രസീതി ബുക്കുകൾ വി. ഇ. ഒ. ശ്രീ. മുഹമ്മദ് സഹീർ കൈപ്പറ്റിയിട്ടുണ്ട്, ഈ രസീതികളും കലക്ഷൻ രജിസ്റ്ററും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)04/05/2020 മുതൽ 22/10/2020 വരെയുള്ള കാലഘട്ടത്തിൽ ബക്കറ്റ് കംപോസ്റ്റ് പദ്ധതിയുടെ(50/2021) ഗുണഭോക്താക്കളിൽ നിന്നും 100/- രൂപ വീതം ഈടാക്കിയതിന് രസീതി എഴുതിയിട്ടുണ്ട് (ഗുണഭോക്താക്കൾക്ക് രസീതിയുടെ പകർപ്പ് നൽകിയിട്ടില്ല), ഈ തുക യഥാസമയം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. തുക അടവാക്കിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നം | രസീതി നം | പിരിവ് നടത്തിയ തിയതി | തുക | പഞ്ചായത്തിൽ അടവാക്കിയ തിയതി/രസീതി നം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1-18/62518 | 04-05-2020 | 1800 | 1200100429/G111103 23-10-2020 | ക്രമ നം 2 പ്രകാരം 19-23/62518 നമ്പർ രസീതികളിൽ പിരിവ് നടന്നത് 05-05-2020 നാണ്, തുടർന്ന് വരുന്ന 24-26/62518 നമ്പർ രസീതികളിൽ പിരിവ് നടന്നത് 04-05-2020 നാണ്.അതിനാൽ തന്നെ രസീതികൾ പിന്നീട് എഴുതിയതാണെന്ന് വ്യക്തമാണ് |
| 2 | 19-23/62518 | 05-05-2020 | 500 | | |
| 3 | 24-26/62518 | 04-05-2020 | 300 | | |
| 4 | 27/62518 | 06-05-2020 | 100 | | |
| 5 | 28-45/62518 | 07-05-2020 | 1800 | | |
| 6 | 46- | 08-05- | 1400 | | |

| | | | | | |
|---|---|---|---|---|---|
| | 59/62518 | 2020 | | | |
| 7 | 60-98/62518 | 07-05-2020 | 3900 | | |
| 8 | 99-100/62518 | 06-05-2020 | 200 | | |
| 9 | 1-72/62518 | 28-07-2020 | 7200 | | |
| 10 | 73-100/62519 | 20-10-2020 | 2800 | | |
| 11 | 1-29/62520 | 20-10-2020 | 2900 | | |
| 12 | 30-100/62520 | 20-10-2020 | 7100 | | |
| 13 | 1-40/62521 | 20-10-2020 | 4000 | | |
| 14 | 41-42/62521 | 21-10-2020 | 200 | | |

2011 ലെ കേരള പഞ്ചായത്ത് രാജ് (അകൌണ്ട്സ്) ചട്ടങ്ങൾ റൂൾ 23 പ്രകാരം 500/- രൂപയിൽ അധികരിക്കുന്ന ഏതൊരു തുകയും അതെ ദിവസം തന്നെയോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസമോ ബാങ്ക്/ട്രഷറിയി അക്കൌണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

എന്നാൽ മാസങ്ങളോളം പണം കയ്യിൽ വെച്ച് അടവാക്കിയത് 23-10-2020 നാണ്.

2)ഇതേ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായി 1200100429/G111103 നമ്പർ രസീതി പ്രകാരം 24-02-2021 ന് 6400/ രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട് . എന്നാൽ രസീതി പുസ്തകങ്ങളും കലക്ഷൻ രജിസ്റ്ററും പരിശോധിച്ചപ്പോൾ മുഴുവൻ തുകയുടെയും രസീതി എഴുതിയിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | രസീതി നം | പിരിവ് നടത്തിയ തിയതി | തുക | പഞ്ചായത്തിൽ അടവാക്കിയ തിയതി/രസീതി നം |
|---|---|---|---|---|
| 1 | 57-100/62522 | 23-02-2021 | (44X100)4400 | 1 200104126/G111103<br>24-02-2021 |

4400/- രൂപയുടെ രസീതി മാത്രമേ എഴുതിയിട്ടുള്ളു. വി.ഇ.ഒ. 2019-20, വർഷം കൈപ്പറ്റിയ മുഴുവൻ രസീതി പുസ്തകങ്ങളും പരിശോധിച്ചെങ്കിലും 2000/- രൂപയുടെ രസീതി കണ്ടെത്തിയിട്ടില്ല. അതായത് ഗുണഭോക്താക്കളിൽ നിന്നും പണം കൈപ്പറ്റിയതിന് അവർക്ക് യഥാസമയം രസീതി നൽകിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ റൂൾ 20 പ്രകാരം എല്ലാ പണ വരവുകൾക്കും രസീതി നൽകേണ്താണ്. ഇത് പാലിക്കപ്പെട്ടിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് വി ഇ ഒ നൽകിയ മറുപടിയിൽ ഗുണഭോക്തൃ വിഹിതം അടവാക്കുന്ന പദ്ധതി ആദ്യമായാണ് നടപ്പിലാക്കുന്നതെന്നും അറിവില്ലായ്മ മൂലമാണ് പണം അടവാക്കാൻ വൈകിയതെന്നും ഭാവിയിൽ ഇങ്ങനെ ആവർത്തിക്കില്ലായെന്നും പ്രസ്താവിച്ചിട്ടുണ്ട്.

3)പഞ്ചായത്തിൽ നിന്നും ഇഷ്യൂ ചെയ്ത രസീതി പുസ്തകങ്ങളിലെ വരവുകൾ യഥാസമയം പൂർണമായും പഞ്ചായത്ത് അക്കൌണ്ടിൽ അടക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടുന്നില്ല.ഓഫീസ് ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടാണ് ഇത് പരിശോധിക്കേണ്ടത്, ശക്തമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് കാണിക്കുന്നത്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 സർക്കാർ അംഗീകാരമില്ലാതെ ലേലതുകയിൽ കിഴിവ് അനുവദിച്ചു

ഫയൽ നമ്പർ : A5/729/18

ബസ് സ്റ്റാൻറ് ലേലം

1. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാൻറ് പാർക്കിംഗ് ഫീ പിരിച്ചെടുക്കുന്നതിനു 23.02.2019 നു നടത്തിയ ലേലത്തിൽ ഉയർന്ന തുക വാഗ്ദാനം ചെയ്ത ശ്രീ. ടി.പി. അലി തെനപ്പറമ്പിൽ, മാവൂർ എന്നയാളുടെ 1,56,000/- രൂപയുടെ ഓഫർ പഞ്ചായത്ത് ഭരണ സമിതിയുടെ 26.02.2019ലെ 1(1) ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി. തുടർന്ന് അറ്റകുറ്റ പണികൾക്കായി ബസ് സ്റ്റാൻറ് 14.11.19 മുതൽ അടച്ചിട്ടിരുന്നതിനാൽ ലേല തുകയിൽ കിഴിവ് അനുവദിക്കുന്നതിനുള്ള 14.11.19 ലെ ലൈസൻസിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 32 ദിവസത്തെ തുകയായി 13550/- രൂപ കിഴിവ് അനുവദിച്ചിട്ടുണ്ട്.

1998ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങൾ 5(4) പ്രകാരം 10000/- രൂപയ്ക്ക് മേൽ കിഴിവ് അനുവദിക്കുന്നതിന് സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ സർക്കാർ അംഗീകാരമില്ലാതെയാണ് കിഴിവ് അനുവദിച്ചിരിക്കുന്നത്. അംഗീകാരം വാങ്ങാതെ കിഴിവ് അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2.ലേല നടപടികൾ സ്വീകരിച്ച ഫയൽ, ലേല രജിസ്റ്റർ, ലേല ഡയറി എന്നിവ പരിശോധിച്ചതിൽ, 1,56,000/- രൂപയ്ക്കാണ് ലേലം ഉറപ്പിച്ചിട്ടുള്ളത്. എന്നാൽ ലേല രജിസ്റ്ററിൽ 1,55,000/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് മാത്രമല്ല, ആയതു പ്രകാരമാണ് തുക സ്വീകരിച്ചിട്ടുള്ളതും, കിഴിവ് അനുവദിച്ചിട്ടുള്ളതും.

യഥാർത്ഥ ലേല തുകയായ 156000/- രൂപയിൽ നിന്നും 13550/- രൂപ കിഴിവ് അനുവദിച്ച ശേഷം ബാക്കി 142450/- രൂപ പഞ്ചായത്തിന് ലഭിക്കേണ്ടതിനു പകരം 141450/- രൂപയാണ് ലഭിച്ചിട്ടുള്ളത്. ഈയിനത്തിൽ 1000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ലേല രജിസ്റ്റർ, ലേല ഡയറി എന്നിവ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഇതു സംബന്ധിച്ച നൽകിയ അന്വേഷണകുറിപ്പിന് (നം.3/24.06.2021) മറുപടി ലഭിച്ചിട്ടില്ല.

13550 + 1000 = 14550/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം ഓഡിറ്റ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ

1. കുടിശ്ശിക ഇല്ലെന്നുറപ്പാക്കുന്നില്ല.

1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 236(13) വകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിനു നൽകേണ്ടതായ ഏതെങ്കിലും നികുതിയോ ഫീസോ മറ്റു കടങ്ങളോ നൽകാനുള്ള ഏതൊരാൾക്കും, ഈ ആക്ടിനു കീഴിലുള്ള ഏതൊരു ലൈസൻസോ അനുവാദമോ നൽകാൻ പാടുള്ളതല്ല.

എന്നാൽ ലൈസൻസ് രജിസ്റ്റർ അനുബന്ധ ഫയൽ എന്നിവ പരിശോധിച്ചതിൽ മേൽ നിയമ പ്രകാരം കുടിശ്ശിക ഇല്ലെന്നുറപ്പാക്കാതെ ലൈസൻസ് നൽകിയിരിക്കുന്നതായി കാണുന്നു.

ഉദാ. Beauty Silk- ശ്രീ പി വി ഹംസ, ബുഷറ മൻസിൽ, തെനപ്പറമ്പിൽ മാവൂർ എന്നയാൾക്ക് ലൈസൻസ് കൈപ്പറ്റിയില്ലെന്നും, 2019-20 വർഷത്തെ തൊഴിൽ നികുതി അടച്ചില്ലെന്നും കാണിച്ച് കത്തും നൽകിയിരിക്കുന്നു. (File No B4/2041/19 Dt 18.07.2019),കൂടാതെ മാവൂർ, ചെറൂപ്പ എന്നിവിടങ്ങളിലെ കള്ളു ഷാപ്പുകളും 2019-20 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടയ്ക്കാതെ പ്രവർത്തിക്കുന്നു.

2. മലയാളത്തിലും ഇംഗ്ളീഷിലും സ്ഥല നാമം രേഖപ്പെടുത്തിയ ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ടെന്നുറപ്പ് വരുത്തുന്നില്ല.

സ ഉ (സാധാ) നം. 795/07തസ്വഭവ തി. 16.03.2007,സ ഉ (സാധാ) നം. 2692/07തസ്വഭവ തി. 03.10.2007,സർക്കുലർ നം. 63624/RC 3/2008 തസ്വഭവ തി. 30.01.2008, സർക്കുലർ നം4658/RC 2/2008. തസ്വഭവ തി. 15.06.2009 എന്നിവ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ആശുപത്രികളിലും, കടകളുൾപ്പെടെ മറ്റു സ്ഥാപനങ്ങളിലും മലയാളത്തിലും ഇംഗ്ളീഷിലും സ്ഥല നാമം രേഖപ്പെടുത്തിയ ബോർഡുകൾ പ്രദർശിപ്പിക്കേണ്ടതാണ്. ലൈസൻസ്

നൽകുമ്പോഴും പുതുക്കുമ്പോഴും ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ ലൈസൻസ് അപേക്ഷയിൽ സത്യപ്രസ്താവന നടത്തുണ്ടെങ്കിലും സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

പഞ്ചായത്ത് ഓഫീസിനു എതിർ വശത്തുള്ള കടകൾ പോലും പൂർണ്ണമായും ഇംഗ്ളീഷിലാണ് ബോർഡുകൾ പ്രദർശിപ്പിച്ചിരിക്കുന്നത്. സ്ഥല നാമം രേഖപ്പെടുത്തിയിട്ടുമില്ല.

Eg 1. Niram Wedding Centre, 2. Salilam Mobiles,3. Designs Silk Sarees, 4. Covid Essentials.Etc

3. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സ്ഥല പരിശോധന

സർക്കുലർ നം. 66562/RC 3/2012 തസ്വഭവ തി. 10.01.2013 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള എല്ലാ അപേക്ഷകളിൻമേലും ഹെൽത്ത് ഇൻസ്പെക്ടർമാർ സ്ഥല പരിശോധന നടത്തുണ്ടെന്നും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുണ്ടെന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

4.സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് സൂക്ഷിക്കുന്നില്ല

സ ഉ (സാധാ) നം. 2511/07തസ്വഭവ തി. 22.07.2017 പ്രകാരം നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

5. സാനിറ്ററി സർട്ടിഫിക്കേറ്റ്

ബഹു കേരളാ ഹൈക്കോടതിയുടെ 28.02.2017 ലെ W A No 395 Of 2017 പ്രകാരം സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ല എന്ന കാരണത്താൽ മാത്രം ലൈസൻസ് പുതുക്കി നൽകാതിരിക്കരുത്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് സാനിറ്ററി സർട്ടിഫിക്കേറ്റ് ഇല്ല എന്ന് ചൂണ്ടിക്കാട്ടി ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

1. File No B4/1664/19 Dt 13.03.2019 – ശ്രീ അബ്ദു റഹ്മാൻ -ടീ സ്റ്റാൾ

2. File No B4/2004/19 – റിയാസ് പി കെ ഫ്രൂട്സ് & കൂൾ ബാർ

ഇതു സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിന് (നം.2/24.06.2021) മറുപടി ലഭിച്ചിട്ടില്ല.

## 1-14 തൊഴിൽ നികുതി

ഗ്രാമ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ പേരുടേയും സമഗ്രമായ Data Base ഇല്ല. ലൈസൻസിനു അപേക്ഷിക്കുന്നവരിൽ നിന്നും (Kerala Panchayath Raj(Issue Of Licence To Factories Trades Entreprenuership Activities And Other Services) Rules 2017) ലൈസൻസ് അനുവദിക്കുന്നതിനു മുന്നോടിയായി തൊഴിൽ നികുതി സ്വീകരിക്കുകയാണ് ചെയ്തു വരുന്നത്. തൊഴിൽ നികുതി കലക്ഷൻ ഡിമാന്റായി കണക്കാക്കി 100% നികുതി പിരിവു കാണിക്കുന്നു

2019-20 ലെ FTE&OS രജിസ്റ്റർ പ്രകാരം 363 കച്ചവട സ്ഥാപനങ്ങളാണുള്ളത്. 2019-20 ലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 363 കച്ചവട സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. ലൈസൻസിന് അപേക്ഷിക്കുന്നവർക്ക് ലൈസൻസ് അനുവദിക്കുകയാണ് ചെയ്യുന്നത്. ലൈസൻസില്ലാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നു കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നില്ല. ഫലത്തിൽ ലൈസൻസിന് അപേക്ഷിക്കുന്നവരിൽ നിന്ന് മാത്രം തൊഴിൽ നികുതി സ്വീകരിക്കുന്നു. അഞ്ച് വർഷത്തേക്ക് ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഇപ്രകാരം തൊഴിൽ നികുതി ഈടാക്കാൻ കഴിയാതെ വരുന്നതുമാണ്.

മേൽ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ പേരുടേയും സമഗ്രമായ Data Base തയ്യാറാക്കേണ്ടതാണ്.

A) 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ മുഴുവൻ തൊഴിൽ നികുതിദായകരുടേയും വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഫോറം ഇല്ലാത്ത സാഹചര്യത്തിൽ 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ 5 ാം ചട്ടം പ്രകാരമുള്ള ഫോറം 1ഉപയോഗിച്ച് വിവരശേഖരണം നടത്താവുന്നതാണ്. (കൈവശക്കാരുടേയോ താമസക്കാരുടേയോ വിവരങ്ങൾ ആവശ്യപ്പെടൽ). ഇതേ ചട്ടത്തിലെ ചട്ടം 8 പ്രകാരമുള്ള, ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരും വിലാസവും ആവശ്യപ്പെടൽ (Form V) ഫോറം ഉപയോഗിച്ചും വിവരശേഖരണം നടത്താം

B) പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള / പ്രവൃത്തി നടത്തുന്ന/ ടെണ്ടറുകളിൽ പങ്കെടുക്കുന്ന സിവിൽ ഇലക്ട്രിക്കൽ കരാറുകാരുടെയും PWD യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരുടെയും വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

C) Regional Joint Director Of Urban Affairs ൽ രജിസ്റ്റർ ചെയ്തിട്ടുള്ള Licenced Building Supervisor മാരുടേയും വിവരശേഖരണം നടത്താവുന്നതാണ്.

D) Regional Transport Office കളിൽ നിന്നും സ്വകാര്യ ബസ് , ടൂറിസ്റ്റ് ബസ്, ടൂറിസ്റ്റ് ടാക്സികൾ,മിനി ലോറികൾ, ടിപ്പർ ലോറികൾ, ടോറസ് ലോറികൾ, Earth Moving Equipments Owners, (JCB,Crane,Hitachi Proclain, Bobcat Etc) ഓട്ടോറിക്ഷകൾ എന്നീ വിവിധതരം വാഹനയുടമകളുടെ വിവരങ്ങളും ശേഖരിക്കാവുന്നതാണ്.

E) സംസ്ഥാന സർക്കാറിന്റെ നിരദ്ദേശപ്രകാരം ഇതര സംസ്ഥാന തൊഴിലാളികളുടെ കരാറുകാർ, സ്പോൺസർമാർ താമസ സൗകര്യം നൽകുന്നവർ എന്നിവർ സ്ഥലം പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇക്കൂട്ടരുടെ വിവരങ്ങൾ പൊലീസ് സ്റ്റേഷനിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

G) സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പി ടി എ എന്നിവ നടത്തുന്ന വാഹനങ്ങളിലെ ജീവനക്കാർ എന്നിവരുട വിവരങ്ങളും ശേഖരിക്കാവുന്നതാണ്.

H) സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാരുടെ വിവരങ്ങൾ IMA യിൽ നിന്നും, വക്കീൽമാരുടെ വിവരങ്ങൾ ബാർ കൗൺസിലിൽ നിന്നും ശേഖരിക്കാവുന്നതാണ്. സിനിമാ സീരിയൽ രംഗത്തെ അഭിനേതാക്കൾ സാങ്കേതിക വിദഗ്ധർ എന്നിവരുടെ വിവരങ്ങൾ യഥാക്രമം 'AMMA, “MACTA' എന്നീ സംഘടനകളിൽ നിന്നും ലഭ്യമാക്കി ചട്ടത്തിന്റെ പരിധിയിൽ കൊണ്ടു വരാവുന്നതാണ്.

I) State- Central GST Dept. കളിൽ നിന്നും വ്യാപാരികളുടെ വിവരങ്ങളും ശേഖരിക്കാവുന്നതാണ്.

J) ലക്ഷക്കണക്കിനു രൂപയുടെ വിറ്റു വരവുള്ള Amazon പോലുള്ള Online Marketing സ്ഥാപനങ്ങളിൽ നിന്നും വിതരണക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

K) 1996 ലെ കേ. പ. രാ. (പൊതു മാർക്കറ്റുകളുടേയും സ്വകാര്യ മാർക്കറ്റുകളുടേയും നിയന്ത്രണവും ലൈസൻസ് നല്കലും ചട്ടങ്ങൾ) ചട്ടം-13 പ്രകാരം ദല്ലാളുകൾ കമ്മീഷൻ ഏജന്റുമാർ ലൈസൻസില്ലാതെ മാർക്കറ്റുകളിൽ തൊഴിൽ ചെയ്യാൻ പാടില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

L) ഭരണ ഘടനയുടെ Article 276 (2) പ്രകാരം ഒരു വ്യക്തിയിൽ നിന്നും തൊഴിൽ /വ്യാപാരം/Profession/ Callings(Career) എന്നിവയുടെ അടിസ്ഥാനത്തിൽ ചുമത്തുന്ന നികുതി പരമാവധി 2500/- രൂപയിൽ കവിയാൻ പാടില്ല. 32 വർഷങ്ങൾക്കു മുൻപ് നിശ്ചയിച്ച ഈ പരിധി കാലാനുസൃതമായി ഉയർത്തുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിനോട് അപേക്ഷിക്കാവുന്നതാണ്.

## 1-15 കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയിൽ യഥാവിധി നടപടികൾ സ്വീകരിക്കുന്നില്ല

ഫയൽ നമ്പർ A4/918/20

ശ്രീ. അബ്ദു റഹ്മാൻ S/O ഹസൻ K P പാലത്തിങ്കൽ, ആക്കോട്, 673640 എന്നയാളുടെ 11.10.2020 ലെ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയിൽ (New Construction Industrial) അപേക്ഷകന്റെ പേരും കൈവശാവകാശ സർട്ടിഫിക്കേറ്റിലേയും ഭൂനികുതി രസീതിലേയും പേരുകളും വ്യത്യാസമുണ്ടെന്നും, Specification & Area Report ൽ Residence എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും സെക്ഷൻ ക്ലർക്ക് റിപ്പോർട്ട് ചെയ് തിട്ടുണ്ട്. തുടർന്ന് പേരിലെ വ്യത്യാസങ്ങളും സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയിൽ കണ്ട ഗൌരവമായ 15 അപാകതകളും പരിഹരിക്കുന്നതിനും, KSPCB NOC ഹാജരാക്കുന്നതിനും 01.12.2020 ന് നോട്ടീസും 04.12.2020 ന ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട്. ഓർമ്മക്കുറിപ്പ്, മേൽ വിലാസം വ്യക്തമല്ലെന്ന് കാണിച്ച് തപാൽ വകുപ്പ് 22.3.21 ന് തിരിച്ചയക്കുകയും ചെയ്തിട്ടുള്ളതാണ്.

'പുന:സമർപ്പിച്ച പ്ലാൻ നിർദ്ദേശങ്ങൾ പാലിച്ചില്ലെന്ന് 'അസി എഞ്ചിനീയർ തിയ്യതി വെക്കാതെ കുറിപ്പെഴുതിയിട്ടുണ്ടെങ്കിലും പ്ലാൻ ഓഫീസ് മുഖേന സമർപ്പിച്ചതിന്റെ വിവരങ്ങളില്ല. തുടർന്ന് 02.03.21 ന് ഉത്തരവായിട്ടുണ്ടെങ്കിലും നോട്ടീസ് നൽകിയതിന്റെ

വിവരങ്ങളോ, ഓഫീസ് കോപ്പിയോ ഫയലിലില്ല. ഗൌരവമായ 15 അപാകതകളുണ്ടായിട്ടും പുന:സമർപ്പിച്ച പ്ലാനിൽ ഏതെല്ലാം അപാകതകൾ പരിഹരിച്ചെന്നോ, അവശേഷിക്കുന്നവ സംബന്ധിച്ചോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പുന:സമർപ്പിച്ചതായി കരുതുന്ന പ്ലാനിൽ അപേക്ഷകന്റെ പേര് ആദ്യ അപേക്ഷയിൽ നിന്നും വ്യത്യസ്തവുമാണ്. യഥാർത്ഥ പേര് തെളിയിക്കുന്ന ആധികാരിക രേഖകളൊന്നും അപേക്ഷയോടൊപ്പം ചേർത്തിട്ടുമില്ല.

കൈവശാവകാശ സർട്ടിഫിക്കേറ്റിലും ഭൂനികുതി രസീതിലും ഭൂമിയുടെ തരം അസ്ഥിര പുഞ്ച എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഭൂമി ഡാറ്റാ ബേങ്കിൽ ഉൾപ്പെട്ടതാണോയെന്നും പരിശോധിച്ചിട്ടില്ല. തികച്ചും നിരുത്തരവാദപരമായി പ്ലാൻ തയ്യാറാക്കി സമർപ്പിച്ച സിവിൽ എഞ്ചിനീയറോട് വിശദീകരണം ചോദിക്കുകയോ, മറ്റ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല.

02.03.21 ന് ശേഷം ഫയലിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഫയലുകൾ Manual Of Office Procedure (Para 42 Arrangement Of Files)പ്രകാരം കൈകാര്യം ചെയ്യുന്നില്ല. ഇതു സംബന്ധിച്ച നൽകിയ അന്വേഷണകുറിപ്പിന് (നം.15/24.06.2021) മറുപടി ലഭിച്ചിട്ടില്ല.

## 1-16 പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സ് ആർക്കേഡ് - പഞ്ചായത്തിന് അധിക ബാധ്യതയും മറ്റ് അപാകതകളും..

1. നടപ്പിലാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് ആർക്കേഡ് നിർമ്മിക്കുവാൻ 2013-14 വർഷം മുതൽ പദ്ധതി വിഭാവനം ചെയ്യുകയും ഇതിന്റെ ഭാഗമായി പദ്ധതി നടപ്പാക്കാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിക്കുയും ചെയ്തു. ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി 11.06.2014ലെ തീരുമാന പ്രകാരം കെ.യു.ആർ.ഡി.എഫ്.സി.യുമായി 15.12.2014ൽ എഗ്രിമെന്റ് വെയ്ക്കുകയും 55000440/- രൂപ ലോൺ പാസ്സാക്കുകയും ചെയ്തു. എസ്റ്റിമേറ്റ് തുകയായ 61111600/- രൂപയുടെ 90% ആയ 55000440/- രൂപയാണ് ലോൺ കെ.യു.ആർ.ഡി.എഫ്.സി. അനുവദിച്ചത്.

നിർമ്മാണ ഫയലും ലോൺ ഫയലും ലേല ഫയലും പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. പഞ്ചായത്ത് കെ.യു.ആർ.ഡി.എഫ്.സി.യുമായി വെച്ച കരാറിലെ വ്യവസ്ഥകൾ ഒന്ന് ഖണ്ഡിക അഞ്ചിൽ ലോൺ ഗഡുക്കൾ ക്രെഡിറ്റ് ചെയ്യുന്നതിനും പീടിക മുറി ലേലം ചെയ്ത് കിട്ടുന്ന ഡെപ്പോസിറ്റ്, വാടക വരുമാനം എന്നിവയും ക്രെഡിറ്റ് ചെയ്യാൻ ഒരു നാഷണലൈസ്ഡ് ബാങ്ക് എസ്ക്രോ അക്കൗണ്ട് ആരംഭിക്കണമെന്നും നിർദ്ദേശിച്ചു. എസ്ക്രോ അക്കൗണ്ടിലെ തുക കെ.യു.ആർ.ഡി.എഫ്.സി. ലോൺ തിരിച്ചടവിന് (മുതലും പലിശയും) വേണ്ടി മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഈ ആവശ്യത്തിനായി പഞ്ചാബ് നാഷണൽ ബാങ്കിൽ 4315000100137791 നമ്പർ ബാങ്ക് അക്കൗണ്ട്, 4315002100006204 എന്നീ രണ്ട് അക്കൗണ്ടുകൾ ആരംഭിച്ചു. അക്കൗണ്ട് വസ്തുതകൾ പരിശോധിച്ചതിൽ തൊഴിലില്ലായ്മ വേതനം രണ്ട് ഗഡുക്കൾ (2310000 രൂപയും 212640/- രൂപയും) അക്കൗണ്ടിലൂടെ വരവ്/ചെലവ് നടന്നതായി കാണുന്നു. കൂടാതെ മൽസ്യ മാർക്കറ്റിന്റെ അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ 2017-18 വർഷം കരാറുകാരനായ ശ്രീ. അബ്ദുൾ നാസർ. സി. എന്നയാൾക്ക് തനത് ഫണ്ട് വിഹിതമായ 250000/- രൂപ ഈ ഫണ്ടിൽ നിന്നാണ് അനുവദിച്ചത്. ശ്രീ. ശ്രീനിവാസൻ, കോടോത്തലയക്കൽ എന്നയാൾക്ക് മൽസ്യമാർക്കറ്റ് കോംപ്ലക്സിലെ എട്ടാം നമ്പർ മുറിയ്ക്ക് ഡെപ്പോസിറ്റ് ചെയ്ത തുകയായ 684000/- രൂപയും ഈ അക്കൗണ്ടിൽ നിന്നും റീഫണ്ട് ചെയ്തു. എഗ്രിമെന്റ് വിരുദ്ധമായി ഫണ്ട് വിനിയോഗിച്ചത് വിശദീകരിക്കേണ്ടതാണ്.

2. ഷോപ്പിംഗ് കോപ്ലക്സ് ആർക്കേഡിൽ 25 പീടിക മുറികളാണുള്ളത്. ഇവ രണ്ട് നിലകളിലായും മൂന്നാം നിലയിൽ ഓഫീസ് സ്ഥലവും ഈ കെട്ടിടത്തിന് തൊട്ടടുത്തായി ഒരു ഓഡിറ്റോറിയവും നിർമ്മിച്ചിട്ടുണ്ട്. ഇപ്പോൾ നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലാണ് (ലിഫ്റ്റ് സ്ഥാപിക്കൽ പെയിന്റിംഗ് മുതലായവ). രണ്ട് നിലകളിലേയും കൂടിയുള്ള 25 മുറികൾ 19.07.2017ന് ലേലം ചെയ്തതിൽ എല്ലാ മുറികളും കൂടി 33085000/- രൂപ ഡെപ്പോസിറ്റ് ലേലം നടന്നു. ഇതിൽ നാളിതുവരെയായി 17330000/- മാത്രമേ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളൂ. വർഷം തിരിച്ച് കണക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| 2017-18 | 14310000 |
| 2018-19 | - |
| 2019-20 | 1495000 |
| 2020-21 | 1525000 |
| ആകെ | 17330000 |

ബാക്കി തുക ഒടുക്കുവാൻ നിരവധി തവണ നോട്ടീസ് നൽകിയെങ്കിലും റൂം നമ്പർ 1, 12, 17, 25 എന്നീ ഷോപ്പുകാർ മാത്രമാണ് മുഴുവൻ തുകയും ഒടുക്കിയത്. അവശേഷിക്കുന്ന 15755000/- രൂപ നിശ്ചിത സമയത്തിനുള്ളിൽ

അടപ്പിക്കുവാനോ അവരെ ഒഴിവാക്കി പുനർലേലം നടത്താനോ യാതൊരു നടപടിയും സ്വീകരിച്ചില്ല. ലേല നിബന്ധന 8 പ്രകാരം ലേലം ഉറപ്പിച്ച് 15 ദിവസത്തിനകം ലേലത്തുകയുടെ പകുതി അടക്കണമെന്നും അവശേഷിക്കുന്ന 50% മൂന്ന് മാസത്തിനകം അടയ്ക്കണമെന്നമാണ്. കൂടാതെ നിശ്ചിത സമയത്തിനുള്ളിൽ പണമടക്കാത്തവരുടെ ലേലം റദ്ദ് ചെയ്ത് അടച്ച തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു .

3. എസ്ക്രോ ബാങ്ക് അക്കൗണ്ടിൽ നാളിതുവരെ ലഭിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| കെ.യു.ആർ.ഡി.എഫ്.സി. ലോൺ | 40786319 |
| പലിശ | 433354 |
| 25 ഷോപ്പ് ലേലം ചെയ്ത ഡെപ്പോസിറ്റ് | 17330000 |
| ആകെ | 58549673 |

ഇതിൽ നിന്നും കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണത്തിനായി 40703054/- രൂപയും ലോൺ തിരിച്ചടവിനായി മുതലും പലിശയും ഉൾപ്പെടെ 26647481/- രൂപയും വിനിയോഗിച്ച് മൊത്തം തുകയിൽ 67350535/- രൂപയിൽ മേൽ എസ്ക്രോ അക്കൗണ്ടുകളിൽ നിന്ന് 58549673/- രൂപ കൂടാതെ വ്യത്യാസമുള്ള 8800862/- രൂപ തനത് ഫണ്ടിൽ നിന്നാണ് വിനിയോഗിച്ചത്. ഇതിന്റെ ഭാഗമായി 31.05.2021ലെ തനത് ഫണ്ട് നക്കിയിരിപ്പ് 1094572/- രൂപ മാത്രമാണ്. ഇതിൽ നിന്നും ഭീമമായ കടത്തിലേക്കാണ് ഷോപ്പിംഗ് കോംപ്ലക്സ് എന്ന പദ്ധതി ഗ്രാമപഞ്ചായത്തിനെ കൊണ്ടെത്തിച്ചത്. കൂടാത ഷോപ്പ് മുറി ലേലം ചെയ്ത ഡെപ്പോസിറ്റ് തുകയിൽ പിരിച്ചെടുക്കാൻ അവശേഷിച്ച 15755000/- രൂപ സമയബന്ധിതമായി പിരിച്ചെടുത്തെങ്കിൽ ഇത്തരം സാമ്പത്തിക പ്രതിസന്ധി പഞ്ചായത്തിന് ഉണ്ടാകുമായിരുന്നില്ല.

4. നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി ഫൈനൽ ബിൽ തുക 6296209/- രൂപ അവശേഷിക്കുന്നു. കെ.യു.ആർ.ഡി.എഫ്.സി. ലോൺ തുകയിൽ 14214121/- രൂപ ലഭിക്കാനുമുണ്ട്. തുക നേടിയെടുത്ത് ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകാനുള്ള 6296209/- രൂപ നൽകുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

5. 2021 ജൂണിൽ 3578776/- രൂപ അടയ്ക്കുവാൻ ആവശ്യപ്പെട്ട് കെ.യു.ആർ.ഡി.എഫ്.സി. 16.06.2021ന് ജി.പി./ഡിമാന്റ്/21-22 പ്രകാരം കത്തയച്ചിട്ടുണ്ട്. ലോൺ തിരിച്ചടവിനായി മേൽസൂചിപ്പിച്ച രണ്ട് അക്കൗണ്ടുകളിലും കൂടി ആകെ 131358/- രൂപ മാത്രമേ ഉള്ളൂ. കൂടാതെ 31.05.2021ലെ സാമ്പത്തിക നില പ്രകാരം തനത് ഫണ്ടിൽ 1094572/- രൂപ മാത്രമേ ഉള്ളൂ. ഇതിൽ നിന്നും ലോൺ തിരിച്ചടവ് സാധ്യമല്ല എന്ന് വ്യക്തമാകുന്നു. കൂടാതെ മുതലും പലിശയും ഉൾപ്പെടുന്ന ലോൺ തിരിച്ചടവ് അവസാനമായി ഒടുക്കിയത് 2020 ജൂൺ മാസമാണ്. മുതൽ 1416580/- പലിശ 701653/- ഉൾപ്പെടെ 2118233/- രൂപ 29.06.2020 ൽ ചെക്ക് നമ്പർ 5691868, 5691869 പ്രകാരം ഒടുക്കി. തുടർന്ന് ലോൺ പലിശ മാത്രമാണ് ഒടുക്കിയത് (30.09.2020ന് 671940/- രൂപ, (5734158/30.09.2020). 30.03.2021 ചെക്ക് നമ്പർ 3364 തുക 1212429/-). 3578776/- രൂപയിൽ 2075859/- രൂപ 06/2021 ലെ ഡിമാന്റും 1502917/- രൂപ 2021 ജൂൺ വരെയുള്ള കുടിശ്ശികയുമാണ്. ലോൺ തിരിച്ചടവ് എപ്രകാരം ഫലപ്രദമായി നടപ്പിലാക്കാമെന്നത് പഞ്ചായത്ത് ഭരണ സമിതി ചർച്ച ചെയ്ത് നടപ്പാക്കേണ്ടതാണ്.

6. ഷോപ്പിംഗ് കോംപ്ലക്സ് ലേലം സംബന്ധിച്ച ബൈലോ അംഗീകാരത്തിനായി പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചു കൊടുക്കുന്നത് 24.10.20218നാണ്. അതായത് ലേലം കഴിഞ്ഞതിന് ശേഷം ലേലം നടത്തിയത് 19.07.2017നാണ്. കൂടാതെ ബൈലോ അംഗീകരിക്കാതെ 19.12.2020ന് ഡയറക്ടർ തിരിച്ചയച്ചിട്ടുണ്ട്. 2014ൽ ആരംഭിച്ച പദ്ധതിയുടെ ബൈലോ അംഗീകരിക്കാൻ ഇത്രയും കാലതാമസം എടുത്തതിന് വിശദകരണം നൽകേണ്ടതാണ്.

7. ഷോപ്പിംഗ് കോംപ്ലക്സ് ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്ത വ്യക്തികൾക്ക് പീടിക മുറി അനുവദിച്ചതായി കാണുന്നു.

| ക്രമ നമ്പർ | റൂം നമ്പർ | പേര്/അഡ്രസ്സ് | ലേല തുക | അടവാക്കിയ തുകയുടെ വിശദാംശങ്ങൾ | |
|---|---|---|---|---|---|
| 1 | 1 | ഉമ്മർ. പി.<br>പുലപ്പാടി ഹൗസ്<br>മാവൂർ | 2130000 | 1000000 | 117050101513/19.07.2017 |
| | | | | 400000 | 1918/16.08.2017 |
| | | | | 200000 | 2940/07.10.2017 |
| | | | | 100000 | 1190301014/25.07.2019 |
| | | | | 165000 | 1569/03.08.2019 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | | | 1165000 | 120010102223/10.11.2019 |
| 2 | 12 | ഹിഫ്സുൾ റഹ്മാൻ<br>അത്തുളി<br>കണ്ണിപ്പറമ്പ് പി.ഒ. | 1010000 | 100000 | 117050101522/19.07.2019 |
| | | | | 505000 | 2012/22.08.2019 |
| | | | | 405000 | 105281/31.12.2017 |
| 3 | 17 | മുഹമ്മദ് കുട്ടി<br>മതിലകത്ത് പറമ്പ്<br>മാവൂർ | 820000 | 60000 | 117050101529/19.07.2017 |
| | | | | 40000 | 2077/25.08.2017 |
| | | | | 378000 | 1200101133/11.11.2020 |
| 4 | 25 | രാമചന്ദ്രൻ<br>എടലക്കണ്ടി<br>മാവൂർ | 750000 | 60000 | 117050101535/19.07.2017 |
| | | | | 375000 | 117050500020/24.08.2017 |
| | | | | 315000 | 117050105741/03.02.2018 |

23.09.2019ല 9(1) നമ്പർ തീരുമാനപ്രകാരം ഷോപ്പ് മുറികളുടെ ഡെപ്പോസിറ്റ് തുകയുടെ ബാക്കി അടക്കാനുള്ളതിന് കൂടുതൽ സമയം ലേലക്കാർ ആവശ്യപ്പെട്ടതിന് അപേക്ഷ ലേല വ്യവസ്ഥയ്ക്ക് എതിരായതിനാൽ നിരസിക്കുകയുണ്ടായി. രണ്ട് വർഷത്തോളം കടമുറികളുടെ നിർമ്മാണം പൂർത്തിയാക്കാൻ പഞ്ചായത്തിന് കഴിയാതിരുന്നതിനാൽ 2019 ഡിസംബർ 31 വരെയുള്ള വാടക മുറി ലേലം ചെയ്തുകൊണ്ട് 50% മോ അതിൽ കൂടുതൽ തുകയോ ഡെപ്പോസിറ്റ് ചെയ്തവർക്ക് ഇളവ് ചെയ്ത് കൊടുക്കുകയും 2019 നവംബർ മാസം ഡെപ്പോസിറ്റ് തുകയുടെ അവശേഷിക്കുന്ന തുക അടക്കുന്ന മുറയ്ക്ക് മുറികൾ ഏറ്റെടുക്കാൻ 2020 ജനുവരി മുതൽ വാടക അടവാക്കാനും തീരുമാനിച്ചു. മേൽ കാണിച്ചവരിൽ നിന്ന് 2020 ജനുവരി മുതൽ വാടക ഈടാക്കിയതായി കാണുന്നില്ല. ഇത് പ്രകാരം താഴെ കൊടുക്കുന്ന തുകകൾ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഷോപ്പ് നമ്പർ | 2020 ജനുവരി മുതൽ നാളിതുവരെ (06/2021 വരെ) | വാടക |
|---|---|---|
| 1 | പ്രതിമാസ തുക 10000 X 18 മാസം | 180000 |
| 12 | പ്രതിമാസ തുക 10000 X 18 മാസം | 180000 |
| 17 | പ്രതിമാസ തുക 6000 X 18 മാസം | 108000 |
| 25 | പ്രതിമാസ തുക 6000 X 18 മാസം | 108000 |
| | ആകെ | 576000 |

കൂടാതെ 50% കൂടുതൽ ഡെപ്പോസിറ്റ് ചെയ്ത 12 കടമുറികളിൽ നാളിതുവരെ 2021 ജൂൺ വരെ വാടക ഇനത്തിൽ 180000/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു. തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. റൂം നമ്പർ 23, 25 എന്നിവ സാമ്പത്തിക പ്രയാസം കാരണം ഏറ്റെടുക്കാൻ കഴിയില്ല എന്ന് ലേലം വിളിച്ചവർ അറിയിച്ചതിനെ തുടർന്നാണ് പുനർലേലം ചെയ്യാൻ 21.08.2020ലെ 13(1) തീരുമാനം ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടെതെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.

8. കെ.യു.ഡി.ആർ.ഡി.എഫ്.സി. ആകെ അനുവദിച്ച 40786319/- രൂപയിൽ മുതലും പലിശയും 30.06.2021വരെ ഒടുക്കിയതിൽ 25884833/- രൂപ അടക്കാൻ അവശേഷിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ കെ.യു.ഡി.ആർ.ഡി.എഫ്.സി. ലോണിനത്തിൽ 50000/- രൂപ മാത്രമാണ് വകയിരുത്തിയത്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം 2020-21 വർഷത്തിൽ 7959281/- മാത്രമാണ്. ഇതിൽ ജീവനക്കാരുടെ / മെമ്പർമാരുടെ അലവൻസ് എന്ന ഇനത്തിൽ 2020-21 വർഷം 10696516/- രൂപ ചെലവ് വരും. ഇതിൽ ജനറൽ പർപ്പസ് ഗ്രാന്റ് കൂടി കണക്കാക്കിയാൽ (14683033) 11945798/- രൂപ അവശേഷിക്കുന്നു. ഇതിൽ മറ്റ് ദൈനം ദിന ചെലവുകൾ കൂടി വരും. കെ.യു.ഡി.ആർ.ഡി.എഫ്.സി. ലോൺ മുതലും പലിശയും കൂട്ടി മൂന്ന് മാസത്തിലൊരിക്കൽ 22 ലക്ഷം രൂപ ശരാശരി തിരിച്ചടവ് കണക്കാക്കിയാൽ തന്നെ ഒരു വർഷം 88 ലക്ഷം രൂപ ഈ ഇനത്തിൽ മാത്രം വേണ്ടി വരും. തനത് ഫണ്ട് നീക്കിയിരിപ്പ് ഇല്ലാത്ത സാഹചര്യത്തിൽ വൻ ബാധ്യതയാണ് ഗ്രാമപഞ്ചായത്ത് വരുത്തിവെച്ചത്. കൂടാതെ 10% പലിശ നിരക്കിൽ ലോൺ എടുത്ത് പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കേണ്ട സാഹചര്യം നിലവിൽ ഇല്ലായിരുന്നു. പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് യാതൊരു നാശം സംഭവിച്ചിട്ടില്ല എന്ന് കെട്ടിടം സന്ദർശിച്ചതിൽ നിന്നും വ്യക്തമാകുന്നു. ലോൺ അടച്ച് തീർക്കാൻ അടിയന്തിരമായി മറ്റ് നടപടികൾ കൈക്കൊള്ളേണ്ടതാണ്.

9. കെ.യു.ഡി.ആർ.ഡി.എഫ്.സി. ലോൺ തിരിച്ചടവ് രജിസ്റ്റർ പരിശോധിച്ചതിൽ 30.09.2020 മുതൽ ലോൺ ഇനത്തിൽ പലിശ മാത്രമാണ് അടക്കുന്നത്. പ്രിൻസിപ്പൽ തുക അടവാകാതിരിക്കുന്നു. ഗ്രാമപഞ്ചായത്ത് കെ.യു.ഡി.ആർ.ഡി.എഫ്.സി. യുമായി ചമച്ച കരാറിലെ വ്യവസ്ഥ 1 പ്രകാരം ഏതെങ്കിലും ഇൻസ്റ്റാൾമെന്റ് അടക്കാതിരിക്കുന്ന സാഹചര്യത്തിൽ പ്രതിവർഷം 2.5% പിഴപ്പലിശ കൂടി ഈടാക്കുന്നതായിരിക്കുമെന്ന് വ്യക്തമാക്കുന്നു. പിഴപ്പലിശയിനത്തിൽ 42484/- രൂപ 30.06.2021 വരെ അടക്കാൻ അവശേഷിക്കുന്നു.

| | | അടക്കേണ്ട ഇൻസ്റ്റാൾമെന്റ് തുക | പിഴപ്പലിശ |
|---|---|---|---|
| 1 | 30.09.2020 | 1416580 | 1416580 X 2.5 X 9/1200 = 26561 |
| 2 | 31.12.2020 | 545520 | 545520 X 2.5 X 6/1200 = 6819 |
| 3 | 31.03.2021 | 1456650 | 1456658 X 2.5 X 3/1200 = 9104 |
| | ആകെ | | 42484 |

30.06.2020 വരെ 42484/- രൂപ പിഴപ്പലിശ ഡ്യൂ ആയിട്ടുണ്ട്. ആയതിനാൽ ലോൺ അടവാക്കുമ്പോൾ പഞ്ചായത്ത് അടവാക്കേണ്ടി വരുന്ന പിഴപ്പലിശ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>നിർമ്മാണഘട്ടത്തിലെ അപാകതകൾ</u>

എസ്റ്റിമേറ്റ് തുക 605 കോടി (ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ) ഷോപ്പിംഗ് കോംപ്ലക്സ് രണ്ടാം നിലയിൽ നിലവിൽ മീറ്റിംഗ് ഹാൾ കിഴക്ക് ഭാഗത്ത് 4 ജനലുകളും സ്റ്റെയർ കേസിന്റെ ഭാഗത്ത് 4 ജനലുകളുമുണ്ട്.

രണ്ടാം നിലയിൽ ആകെയുള്ള 25 ജനലുകൾ പെയിന്റ് അടിക്കുവാൻ അപ്പന്റിക്സ് ബി പാർട്ട് III ൽ ഇനം 34 ആയി തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ 8 ജനലുകളും പെയിന്റ് (കിഴക്ക് ഭാഗത്തുള്ളവ) ഒരു ഭാഗം (പുറംഭാഗം) അടിച്ചതായി കാണുന്നില്ല. പ്രവൃത്തി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. എഞ്ചിനീയറുടെ ഓഫീസിന് തൊട്ടടുത്ത് ഇത്തരം വീഴ്ചകൾ ഓഫീസിന്റെ ശ്രദ്ധയിൽപ്പെടാതിരുന്നത് ശരിയായ നടപടിയല്ല.

II. ഊരാളുങ്കൽ കോൺട്രാക്ട് സൊസൈറ്റി ഏറ്റെടുത്ത ഈ പ്രവൃത്തി രണ്ട് പ്രാവശ്യം പ്രവൃത്തിയുടെ കാലയളവ് 31.05.2018ന് അവസാനിക്കുന്നതിനാൽ 26.02.2019ലെ 7(1) തീരുമാനപ്രകാരം അവസാനം 31.07.2019വരെ നീട്ടിയതായും കാണുന്നു. എന്നാൽ കാലയളവ് ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയതായി കാണുന്നില്ല. 31.05.2018ന് പൂർത്തിയാക്കേണ്ട ഈ പ്രവൃത്തി ദീർഘിപ്പിച്ച കാലയളവായ ആദ്യ ആറ് മാസം പി.എ.സി.യുടെ 1% തുടർന്നുള്ള സമയം 2% വും പിഴ ഈടാക്കേണ്ടതാണ്. ഇപ്രകാരം 6.5 കോടി രൂപയുടെ 3% പിഴ ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് 1950000/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. തുക ഈടാക്കേണ്ടതാണ്. ഫൈനൽ ബിൽ അനുവദിക്കാത്തതിനാൽ തുക ബില്ലിൽ നിന്നും കുറവ് ചെയ്ത് മാത്രമേ അനുവദിക്കാവൂ.

<u>നിർദ്ദേശങ്ങൾ</u>

1. ഷോപ്പിംഗ് കോംപ്ലക്സ് മുറി ലേലം ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക സമയബന്ധിതമായി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഡെപ്പോസിറ്റ് അടവാക്കിയ അന്ന് മുതലോ ഷോപ്പ് ഏല്പിച്ച മുതലോ വാടക ഈടാക്കേണ്ടതാണ്.
2. അവശേഷിക്കുന്ന ലോൺ തുക നേടിയെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
3. ലോൺ തിരിച്ചടവിന് ആവശ്യമായ ഫണ്ട് കണ്ടെത്തേണ്ടതാണ്. ബജറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. കൃത്യമായി അടയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പിഴപ്പലിശ ഒഴിവാക്കേണ്ടതാണ്.
4. ഷോപ്പിംഗ് കോംപ്ലക്സിന് ബൈലോ ഉടനടി അംഗീകാരം ലഭ്യമാക്കേണ്ടതാണ്.
5. നിർമ്മാണം പൂർത്തീകരണ കാലയളവ് തീർന്ന മുറയ്ക്ക് തുടർന്നുള്ള കാലയളവ് നീട്ടിക്കൊടുക്കുന്നതിന് ഫൈൻ ഈടാക്കേണ്ടതാണ്.

## <u>1-17 കിഴക്കും കര നക്ഷത്ര വന നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ</u>

പ്രോജക്ട് നമ്പർ 131/19-20

ബി.എം.സി.(കാലാവസ്ഥ വ്യതിയാനവകുപ്പ് ) 299960

ഗ്രാമ പഞ്ചായത്ത് ബയോഡൈവേഴ്സിറ്റി ബോർഡ് കിഴക്കും കര നക്ഷത്ര വനം നിർമ്മിക്കുന്നതിനു വേണ്ടി മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാൻറ് സയൻസസ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും എസ്റ്റിമേറ്റ് തുകയായ 374950 രൂപ ഭരണ സമിതി അംഗീകരിക്കുകയും ആയതിലേക്ക് എസ്റ്റിമേറ്റ് തുകയുടെ 80% രൂപ അഡ്വാൻസായി മലബാർ ബൊട്ടാണിക്കൽ ഗാർഡന് നൽകുകയും ബാക്കി തുക പ്രവൃത്തി പൂർത്തീകരിച്ച ശേഷം നൽകാനും തീരുമാനിച്ചു. പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിൽ സംരക്ഷിക്കേപ്പെടേണ്ട കാവുകളുടേയും കണ്ടൽക്കാടുകളുടേയും പട്ടിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. കാവുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി. എൻജിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി അടങ്കൽ തുക നിശ്ചയിക്കുന്നതിനു പകരം കിഴക്കും കര സ്വകാര്യ കാവിൽ നക്ഷത്ര വനം നിർമ്മിക്കുന്നതിനായി മലബാർ ബൊട്ടാണിക്കൽ ഗാർഡൻ നൽകിയ എസ്റ്റിമേറ്റ് ഭരണ സമിതി പൂർണ്ണമായും അംഗീകരിക്കുകയാണുണ്ടായത്.

3. നിർവ്വഹണം പൂർത്തീകരിക്കുന്ന മുറക്ക് ആകെ ചിലവിന്റെ 75% നൽകുന്നതിനു പകരം മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാൻറ് സയൻസസ് എന്ന സ്ഥാപനം തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് തുകയുടെ 80% തുകയും പ്രവർത്തി തുടങ്ങുന്നതിനു മുമ്പേ സ്ഥാപനത്തിനു നൽകി.

4. കിഴക്കും കര നക്ഷത്ര വനനിർമ്മാണം നാളിതുവരെയായി പൂർത്തീകരിച്ചിട്ടില്ലെന്ന് സ്ഥല പരിശോധനയിൽ കാണുന്നു. വെച്ചു പിടിപ്പിച്ച മരങ്ങളുടേയും അതിനെ ബന്ധപ്പെടുത്തിയ നക്ഷത്രങ്ങളുടേയും പേരുവിവരങ്ങൾ പ്രദർശിപ്പിക്കുകയോ കവാടത്തിൽ മെയിൻ ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. ചില മരങ്ങൾ നശിച്ചതായും നക്ഷത്ര വനം ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ലെന്നും കാണുന്നു. അധികം നൽകിയ 14998/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരിച്ച് പിടിക്കേണ്ടതും നക്ഷത്ര വനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 കല്യാണ മണ്ഡപത്തിന് മേശ, കസേര പദ്ധതി - പർച്ചേഴ്സ് അപാകതകൾ

പ്രോജക്ട് 162/2019-20

പ്ലാൻ ഫണ്ട് 530000

തനത്ഫണ്ട് 70000

പഞ്ചായത്തിൽ നിർമ്മാണം പൂർത്തിയായ കല്യാണ മണ്ഡപത്തിലേക്ക് പ്രോജക്റ്റ് 162/19-20 പ്രകാരം 450 കസേരകളും ( 200 Armless, 250 With Hand Rest) 50 ഡൈനിങ് മേശകളും ആർട്കോ (Artco) കമ്പനിയിൽ നിന്ന് വാങ്ങാൻ ഭരണസമിതി 8/11/2019 ൽ 1 (1) നമ്പർ തീരുമാന പ്രകാരം ഓർഡർ നൽകിയിരുന്നു. എന്നാൽ ആർട്കോയിൽ നിന്നുള്ള ഫർണ്ണിച്ചർ പർച്ചേഴ്സുമായി ബന്ധപ്പെട്ട് ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1. പർച്ചേഴ്സുമായി ബന്ധപ്പെട്ട്ആർട്കോ ഹാജരാക്കിയ ARTCO/KKD/MKT/2019-20 പ്രകാരമുള്ള കത്തിൽ " കേരളത്തിലുടനീളം പ്രവർത്തന പരിധിയുള്ള ആർട്കോയിലെ അംഗങ്ങളെല്ലാം ആർട്ടിസാൻ തൊഴിലാളികളാണെന്നും 50000 ത്തിൽ പരം ആർട്ടിസാൻസുകൾക്ക് തൊഴിൽ ഉറപ്പാക്കുക എന്നുള്ളതാണ് തങ്ങളുടെ ഓർഡറിലൂടെ ലക്ഷ്യമിടുന്നതെന്നും" പറയുന്നു. എന്നാൽ പഞ്ചായത്തിന് ആർട്കോ ഓർഡർ പ്രകാരം ലഭ്യമാക്കിയ 450 കസേരകളും നീൽകമൽ കമ്പനിയുടേതാണ്. ആർട്കോ കമ്പനി ഇത്തരത്തിലുള്ള പ്ലാസ്റ്റിക് കസേരകൾ ഉൽപ്പാദിപ്പിക്കുന്നില്ലെന്ന് കമ്പനി തന്നെ തങ്ങളുടെ കത്തിൽ സൂചിപ്പിച്ച G.O (Rt) No.20/2019/SPD Dt.13/05/2019 ഓർഡർ പ്രകാരം വ്യക്തമാക്കുന്നു. കൂടാതെ കമ്പനി ഉൽപ്പാദിപ്പിക്കുകയും തങ്ങൾക്ക് വിൽക്കാൻ കഴിയുകയും ചെയ്യുന്ന ഫർണ്ണിച്ചറുകളുടെ കൃത്യമായ വിവരണവും മേൽ ഓർഡറിൽ സൂചിപ്പിക്കുന്നുണ്ട്. സ.ഉ (സാധാ) നം. 2092/2018/തസ്വഭവ തി.01/08/2018 ഉത്തരവ് പ്രകാരം ആർട്ട്കോ യിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാൻ അനുമതി നൽകിയിട്ടുള്ളത്.

2. ഓർഡർ പ്രകാരം ആർട്കോ കമ്പനി പഞ്ചായത്തിന് ലഭ്യമാക്കിയിട്ടുള്ള 69x16x30 Steel Sheet 20 Guage . 1.25x1.25 Square Gl Pipe Legs 16 Guage, 1x1 Square Gl Pipe Top Frame 16 Guage ഡൈനിങ് ടേബിൾ (50 എണ്ണം)

ആർട്കോ കമ്പനി ഉൽപ്പാദിപ്പിക്കുന്നില്ലെന്ന് മാത്രമല്ല കമ്പനിയുടെ പ്രൈസ് ലിസ്റ്റിൽ അതിന്റെ വില രേഖപ്പെടുത്തിയിട്ടുമില്ല.

കൃത്യമായ അന്വേഷണവും മുന്നൊരുക്കവും നടത്താതെയും പർച്ചേസ്സുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പരിശോധിക്കാതെയും, ഫർണ്ണിച്ചറുകളുടെ ഗുണ നിലവാരം തിട്ടപ്പെടുത്താതെയുമാണ് കല്യാണ മണ്ഡപത്തിലേക്ക് മേശ, കസേര വാങ്ങിയിരിക്കുന്നത്. ഭാവിയിൽ ഇത്തരം നോഡൽ ഏജൻസികളിൽ നിന്ന് ഉൽപ്പന്നങ്ങൾ വാങ്ങുമ്പോൾ അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മാത്രം വാങ്ങുകയും ഗുണ നിലവാരം ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

## 1-19 ഗ്രാമവനത്തിൽ മുളങ്കാടുകൾ വെച്ചുപിടിപ്പിക്കൽ - തുക മുൻകൂറായി നല്കിയിട്ടും പദ്ധതി നടപ്പിലാക്കിയില്ല.

പ്രോജക്ട് നമ്പർ 205/19-20

ബി.എം.സി.(കാലാവസ്ഥ വ്യതിയാനവകുപ്പ് ) 250000

ഗ്രാമ പഞ്ചായത്ത് ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മറ്റി പഞ്ചായത്തിന്റെ പുറം പോക്ക് ഭൂമിയിൽ ' ഗ്രാമവനത്തിൽ മുളങ്കാടുകൾ വെച്ചുപിടിപ്പിക്കൽ ' എന്ന പ്രോജക്ടു പ്രകാരം മുളങ്കാടുകൾ വെച്ചുപിടിപ്പിക്കാൻ മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാൻറ് സയൻസസ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ഇതിനായി സമർപ്പിച്ച എസ്റ്റിമേറ്റ് തുക 250000 രൂപ ഭരണ സമിതി അംഗീകരിക്കുകയും തുക പൂർണ്ണമായും മലബാർ ബൊട്ടാണിക്കൽ ഗാർഡന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടു നടത്തിപ്പുമായി ബന്ധപ്പെട്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിൽ പുറം പോക്ക് ഭൂമി രജിസ്റ്റർ ലഭ്യമല്ല.

2. ഗ്രാമവനത്തിൽ മുളങ്കാടുകൾ വെച്ചുപിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി. എൻജിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി അടങ്കൽ തുക നിശ്ചയിക്കുന്നതിനു പകരം മലബാർ ബൊട്ടാണിക്കൽ ഗാർഡൻ നൽകിയ എസ്റ്റിമേറ്റ് തുക ഭരണ സമിതി പൂർണ്ണമായും അംഗീകരിക്കുകയാണുണ്ടായത്.

3. നിർവ്വഹണം പൂർത്തീകരിക്കുന്ന മുറക്ക് ചിലവ് തുക നൽകുന്നതിനു പകരം മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാൻറ് സയൻസസ് എന്ന സ്ഥാപനം തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് തുകയായ 250000 രൂപയും പൂർണ്ണമായി പ്രവർത്തി തുടങ്ങുന്നതിനു മുമ്പേ സ്ഥാപനത്തിനു നൽകി.

4. സ്ഥല പരിശോധനയിൽ നാളിതുവരെയായി പ്രോജക്ടു വിഭാവനം ചെയ്ത ഒറ്റ മുള പോലും വെച്ചുപിടിപ്പിച്ചതായി കാണുന്നില്ല.

തുക മുൻകൂറായി നല്കിയിട്ടും പദ്ധതി നടപ്പിലാക്കാത്തതിനാൽ തുക തടസ്സത്തിൽ വെക്കുന്നു.

## 1-20 ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വാർഷിക കണക്കുകൾ, ഇ-ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ – ടെണ്ടർ നടപടികളുടെ ഭാഗമായി പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില (ടെണ്ടർ ഫീ) പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല. നാളിതു വരെ എത്ര പ്രവൃത്തികളുടെ ടെണ്ടർ ഇത്തരത്തിൽ നടത്തിയിട്ടുണ്ടെന്നും, ഓരോ പ്രവൃത്തിയിലും ടെണ്ടർ ഫീ എത്രയുണ്ടെന്നത് സംബന്ധിച്ചും ഈയിനത്തിൽ വല്ല തുകയും പഞ്ചായത്തിൽ വരവ് വന്നിട്ടുണ്ടോ എന്നതു സംബന്ധിച്ചുമുള്ള വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/21.06.2021) അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ആയതുപ്രകാരം 31.12.2017 വരെയുള്ള ഇടെണ്ടർ ഫീ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും 31.03.2020 വരെയുള്ള ഫീയിനത്തിൽ 58140/-രൂപയും നാളിതുവരെ(24.06.2021) മൊത്തം 175598/-രൂപയും ലഭിക്കാനുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള മുഴുവൻ തുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ഡിവിഷൻ, കോഴിക്കോടിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.

ജി.ഒ. (പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത്

പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞാൽ പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാ തെയുമാണ് കരാർ വച്ചിട്ടുള്ളത്

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി / കരാറുകാരൻ | പിഎസിയുടെ 1% ഫൈൻ തുക |
|---|---|---|---|---|
| 1. | കുടിവെള്ളത്തിന് കിണറുകൾ സ്ഥാപിക്കൽ 144/20 (ബിൽ6948/26.06.19 ,189420/-) കരാർ തുക 200000 | 12.09.18 | 27/18-19 09.10.18 ശ്രീ.സനിൽ.ബി | 2000/- |
| 2 | കണ്ണിപറമ്പ് സബ്സെന്റർ നവീകരണം 145/20 (ബിൽ 6947/26.06.19, 136920/-) കരാർ തുക 140100/- | 12.09.18 | 28/18-19/09.10.18 ശ്രീ.സനിൽ.ബി | 1401/- |
| 3 | കൊയമ്പറ്റത്താഴം ചെറോട്ട് റോഡ് റീടാറിംഗ് 141/20 (ബിൽ 6937 / 26.06.19,300000/-) കരാർ തുക 300000 | 12.09.18 | 25/18-19/09.10.18 ശ്രീ.സനിൽ.ബി | 3000/- |
| 4 | അടുവാട് കോട്ടക്കുന്ന് കോളനി റോഡ് സൈഡ്കെട്ടിഫില്ലിംഗ് 152/20 (ബിൽ 9249/ /23.12.19/-297058/-) കരാർ തുക 300000 | 15.10.18 | 47/18-19/ 05.11.18 ശ്രീ. മുഹമ്മദ്സാദത്ത്.പി | 3000/- |
| 5 | ചിറക്കൽതാഴം വാവാട്ട്പാറ റീടാറിംഗ് 149/20 (ബിൽ 6942/26.06.19,297685/-) കരാർ തുക 300000/- | 12.09.18 | 34/18-19/ 09.10.18 ശ്രീ. സനിൽ .ബി | 3000/- |
| 6 | നൊച്ചായിൽ റോഡ് റീടാറിംഗ് 123/20 (ബിൽ 2405/09.05.19-155174/- &6703/20.07.19-75223/-) കരാർ തുക 250000 | 12.09.18 | 24/18-19/ 06.10.18 ശ്രീ. അലവി.ഇ.എം | 2500/- |
| 7 | മണക്കാട് മണ്ണത്താൻകണ്ടി കായലംറോഡ്- റീച്ച്-2 138/20 (ബിൽ 6928/26.06.19-200000/-) കരാർ തുക 200000 | 12.12.18 | 67/18-19/ 04.01.19 ശ്രീ. സനിൽ .ബി | 2000/- |
| | | | ആകെ | 16901/- |

കരാർ വെയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. സമയബന്ധിതമായി കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ- 05/24.06.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-22 തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി പ്രവൃത്തി നടത്തുന്നു.

പി.ഡബ്ള്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(A)/05 പ്രകാരം 1.10.2017 മുതൽ (25.03.2019വരെ)കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രോജക്ടുകളിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ നിർണയിക്കുന്നത്.

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം എന്ന തോതിൽ യഥാർത്ഥത്തിൽ നിർണയിക്കേണ്ടിയിരുന്നതിന് പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ 2018-19ൽ ടെണ്ടർ ചെയ്ത് കരാർ വച്ച ചില പ്രവൃത്തികളിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നിട്ടുണ്ട്.

പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. താഴെ കൊടുത്ത പ്രവൃത്തികൾ ടെണ്ടർ ക്ഷണിച്ചതും കരാർ വച്ചതും ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണ് ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി, കരാർ നം./തീയതി | ആകെ ചെലവ് | ബിൽ നം തീയതി |
|---|---|---|---|
| 1 | 129/20 മുഴാപ്പാലംസങ്കേതം റോഡ്60/18-19/13.12.18. കരാറുകാരൻ-.ശ്രീ.സനിൽ.ബി | 396485/- | 6931/26.06.19 |
| 2 | 138/20 മണക്കാട് മണ്ണത്താൻ കണ്ടി കായലം റോഡ് റീച്ച്-2 67/18-19/4.01.19 കരാറുകാരൻ-.ശ്രീ.സനിൽ.ബി | 200000/- | 6928/26.06. |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/24.06.2021)മറുപടി ലഭ്യമാക്കിയിട്ടില്ല.കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം -2

## 2-1 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 70 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത് . ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധക മാക്കിയ നികുതി നിരക്ക് | ബാധക മാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം) +ലൈബ്രറി സെസ്സ്) | ബാധക മാക്കേണ്ട നികുതി നിരക്ക് | ബാധക മാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം) + ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|
| I/301 A<br>മുഹമ്മത്,<br>കുറുവാടങ്ങൽ,<br>ചെറുവാടി,<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2014 ഒന്നാം അർദ്ധവർഷം മുതൽ) | 138.75 | 50 | (വഴി സൗകര്യം 20% വർദ്ധനവ്,)<br>മേൽക്കൂര ഇളവ് 10%<br>മേഖല ഇളവ് 10%)<br>6938+347 =7285 | 70 | വഴി സൗകര്യം 20% വർദ്ധനവ്,)<br>മേൽക്കൂര ഇളവ് 10%<br>മേഖല ഇളവ് 10%)<br>9713+486 =10199 | 2014-15=2914<br>2015-16=2914<br>2016-17=2914<br>2017-18=2914<br>2018-19=2914<br>2019-20=2914<br>Total=17484<br>(16650+834) |
| പാത്തുമ്മ,<br>പുൽക്കണ്ടി,<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2014 ഒന്നാം അർദ്ധവർഷം മുതൽ) | 111.18 | 50 | വഴി സൗകര്യം 20% വർദ്ധനവ്,)<br>6671+334 =7005 | 70 | വഴി സൗകര്യം 20% വർദ്ധനവ്,)<br>9391+470 =9861 | 2014-15=2856<br>2015-16=2856<br>2016-17=2856<br>2017-18=2856<br>2018-19=2856<br>2019-20=2856<br>Total=179932<br>(17136+857) |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത് ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. (ഓഡിറ്റ് കാലയളവിലെ നഷ്ടം 5768/- രൂപ (2775+2720= 5495, ഗ്രന്ഥശാലാവരി 273 രൂപ).

## 2-2 സർക്കാർ അംഗീകാരമില്ലാതെ ലേലതുകയിൽ കിഴിവ് അനുവദിച്ചു

ഫയൽ നമ്പർ : A5/729/18

ബസ് സ്റ്റാൻറ് ലേലം

1. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാൻറ് പാർക്കിംഗ് ഫീ പിരിച്ചെടുക്കുന്നതിന 23.02.2019 ന നടത്തിയ ലേലത്തിൽ ഉയർന്ന തുക വാഗ്ദാനം ചെയ്ത ശ്രീ. ടി.പി. അലി തെനപ്പറമ്പിൽ, മാവൂർ എന്നയാളുടെ 1,56,000/- രൂപയുടെ ഓഫർ പഞ്ചായത്ത് ഭരണ സമിതിയുടെ 26.02.2019ലെ 1(1) ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി. തുടർന്ന് അറ്റകുറ്റ പണികൾക്കായി ബസ് സ്റ്റാൻറ് 14.11.19 മുതൽ അടച്ചിട്ടിരുന്നതിനാൽ ലേല തുകയിൽ കിഴിവ് അനുവദിക്കുന്നതിനുള്ള 14.11.19 ലെ ലൈസൻസിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 32 ദിവസത്തെ തുകയായി 13550/- രൂപ കിഴിവ് അനുവദിച്ചിട്ടുണ്ട്.

1998ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങൾ 5(4) പ്രകാരം 10000/- രൂപയ്ക്ക് മേൽ കിഴിവ് അനുവദിക്കുന്നതിന് സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ സർക്കാർ അംഗീകാരമില്ലാതെയാണ് കിഴിവ് അനുവദിച്ചിരിക്കുന്നത്. അംഗീകാരം വാങ്ങാതെ കിഴിവ് അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2.ലേല നടപടികൾ സ്വീകരിച്ച ഫയൽ, ലേല രജിസ്റ്റർ, ലേല ഡയറി എന്നിവ പരിശോധിച്ചതിൽ, 1,56,000/- രൂപയ്ക്കാണ് ലേലം ഉറപ്പിച്ചിട്ടുള്ളത്. എന്നാൽ ലേല രജിസ്റ്ററിൽ 1,55,000/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് മാത്രമല്ല, ആയതു പ്രകാരമാണ് തുക സ്വീകരിച്ചിട്ടുള്ളതും, കിഴിവ് അനുവദിച്ചിട്ടുള്ളതും.

യഥാർത്ഥ ലേല തുകയായ 156000/- രൂപയിൽ നിന്നും 13550/- രൂപ കിഴിവ് അനുവദിച്ച ശേഷം ബാക്കി 142450/- രൂപ പഞ്ചായത്തിന് ലഭിക്കേണ്ടതിന പകരം 141450/- രൂപയാണ് ലഭിച്ചിട്ടുള്ളത്. ഈയിനത്തിൽ 1000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ലേല രജിസ്റ്റർ, ലേല ഡയറി എന്നിവ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഇതു സംബന്ധിച്ച നൽകിയ അന്വേഷണകുറിപ്പിന് (നം.3/24.06.2021) മറുപടി ലഭിച്ചിട്ടില്ല.

13550 + 1000 = 14550/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം ഓഡിറ്റ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 22-06-2021 | - |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2019-20 | 450000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 450000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 55000 | നെൽക്യഷിക്ക് കൂലിച്ചെലവ് | 55000 | 0 |
| “ | 2019-20 | 1000000 | ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 535031 | 464969 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| “ | 2019-20 | 450000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 450000 | 0 |
| “ | 2019-20 | 2500000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 2075000 | 425000 |
| “ | 2019-20 | 1000000 | വയോജന സൗഹൃദ കേന്ദ്രം | 1000000 | |
| “ | 2019-20 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ;; | 2019-20 | 1500000 | ബഡ്സ് സ്കൂൾ കെട്ടിടം | 0 | 1500000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | CEO/LF 511/2018/ 1.1.2019 | 2480000 | 2528508 | 523214 | 0 | 4485294 |
| KURDFC ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് | KURDFC/GP/ 164/2014/30.7.2014 | 8958269 | 23763497 | 5671466 | 3074177 | 27050300 |
| ഇ.എം.എസ്. ഭവനപദ്ധതി | 646/2010/25.2.2010 | 0 | 1126973 | 200000 | 0 | 926973 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 599630 |
| തൻവർഷ നിക്ഷേപം | 7243 |
| ആകെ | 606873 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| തൻവർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 606873 |

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | സബ്ട്രഷറി, പുതിയറ | 22.9.2019 | 1 വർഷം | 500000 |
| 2 | കെ.ഡി.സി.ബാങ്ക്, മാവൂർ | 2.12.2019 | 1 വർഷം | 106873 |
| | ആകെ | | | 606873 |

സ്ഥിര നിക്ഷേപ രജിസ്റ്റർ പ്രകാരം വർഷാവസാനം 606873/- രൂപയുടെ നിക്ഷേപം ബാക്കിയുണ്ടെങ്കിലും വാർഷിക കണക്കുകളിൽ – ബാലൻസ് ഷീറ്റ് പ്രകാരമുള്ളത് 599630/- രൂപയാണ്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 40 | 2003-04 | 11.13.1.2 (പൊതു പരാമർശം) | ക്ഷീരോൽപാദന ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് പ്രവൃത്തി ക്കുന്നില്ല. | പരാമർശം നിലനിൽ ക്കുന്നു |
| 1999-00 | 27 | 2003-04 | 11.13.7.6 (പൊതു പരാമർശം | നികുതി കാലഹരണപ്പെട്ടു. | പരാമർശം നിലനിൽ ക്കുന്നു |
| 2000-01 | 30, 31 | 2003-04 | 11.13.7.6 | നികുതി കാലഹരണപ്പെട്ടു. | -ടി- |
| 2001-02 | --- | 2003-04 | 11.14 (മറ്റു പരാമർ ശങ്ങൾ) | കക്കൂസ് നിർമ്മാണം അപാകതകൾ | -ടി- |
| 1999-2000 | 39 | 2003-04 | 11.14 (മറ്റു പരാമർ ശങ്ങൾ) | ടാക്സിസ്റ്റാൻറ് സ്ഥലമെടുപ്പ്- അധികം നല്കിയ തുക തിരിച്ച് വാങ്ങാത്തത് | -ടി- |
| | 41 | 2003-04 | | വിഭവ ഭൂപടം-അപാകത | -ടി- |
| | 44 | 2003-04 | | ഊർക്കടവ് തെങ്ങു കൃഷി ജലസേചന പദ്ധതി പൂർത്തിയാക്കാത്തത്. | -ടി- |
| 2002-03 | 2-1 | 2006-07 | 3.79.1(23) | നികുതി കാലഹരണപ്പെട്ടു | -ടി- |
| 2002-03 | 2-2 | 2006-07 | 3.79.2.6 | ലേല തുക പിരിച്ചെടുത്തില്ല | -ടി- |
| 2002-03 | 2-3 | 2006-07 | 3.79.3(13) | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ. | -ടി- |
| 2002-03 | 2-4, 2-5, 2-6,2-7 (A,B,C), 3-13, 3-15 | 2006-07 | 5.1.5(14) | മണൽ വിൽപന RMF അടച്ചതിന് രസീതില്ല. | -ടി- |
| പ്രവർത്തനാ വലോകനം | -- | 2013-14 | 5.1.5.2 | ജലസ്രോതസ്സുകൾ മാലിന്യ കുമ്പാരം | -ടി- |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ജല സ്രോത സ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | -- | 2013-14 | 5.1.5(4) | പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| -ടി- | -- | 2013-14 | 5.1.5(6) | ജലസ്രോതസ്സുകളുടെ കൈയേറ്റം തടയുന്നില്ല | |
| -ടി- | -- | 2013-14 | 5.1.5(10) | കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനമില്ല. | -ടി- |
| -ടി- | --- | 2013-14 | 5.1.5(11) | സാധ്യതാപഠനം നടത്താതെ കുടിവെള്ളപദ്ധതി ആരംഭിക്കുന്നു. | -ടി- |
| | | | | ഊർക്കടവ് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നിലച്ചു. | -ടി- |
| | | | | പൂർത്തീകരിക്കാത്ത പദ്ധതികൾ | -ടി- |
| “ | | 2013-14 | 5.1.5.13 | കുടിവെള്ള വിതരണം | -ടി- |
| -ടി- | -- | 2013-14 | 5.1.5(17) | വെള്ളക്കരം കുടിശ്ശിക അടവാക്കിയിട്ടും ഗ്രാന്റുകളിൽ നിന്നും തുക കുറവുചെയ്യുന്നു. | -ടി- |
| 2014-15 | 2-2 | 2016-17 | അനുബന്ധം – 4 | തൊഴിൽ നികുതി | -ടി- |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 87958884 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89192668 |
| വരവിനങ്ങളിലുള്ള നഷ്ടം | 20045 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 250000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 5495 | | ശ്രീ.ബിബിൻ ജോസഫ്,സെക്രട്ടറി |
| 2-2 | 14550 | | ശ്രീ.ബിബിൻ ജോസഫ്,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 250000 | ശ്രീ. ബിബിൻ ജോസഫ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 2-1 (ഗ്രന്ഥശാലാവരി) | 273 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിബിൻ ജോസഫ്,സെക്രട്ടറി | സെക്രട്ടറി, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | ഇടയപുരക്കൽ, തിരുവമ്പാടി പി ഒ-673603 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.അനീഷ്, അസി.എഞ്ചിനീയർ | | ശ്രേയസ്സ്, പള്ളിപ്പുറത്ത് താഴം, ചേവരമ്പലം, കോഴിക്കോട് |
| ശ്രീ.സി.സുഭാഷ് കുമാർ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, മാവൂർ ഗ്രാമപഞ്ചായത്ത് | സ്വരാജ്, അരിയല്ലൂർ,, മലപ്പുറം-676312 |
| ശ്രീ.ഷമിൽ.ഇ, അസി.സെക്രട്ടറി | | എരേച്ചൻ കണ്ടി, കാരപ്പറമ്പ്, കോഴിക്കോട് |
| ഡോ.മൃദുല റോയ്, വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ, വെറ്ററിനറി ഡിസ്പൻസറി, മാവൂർ | ഹൗസ് നം.2, ഹിൽവ്യൂ കോളനി, ചേവായൂർ, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി3/1072/2018(1)/6.7.19 | 27, 39, 40, 41 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി3/1072/2018(2)/6.7.19 | 30, 31 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി3/1072/2018(4)/6.7.19 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-13, 3-15 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/1072/2018(6)/6.7.19 | 2-3, 3-3, 3-4,3-6 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി3/1072/2018(7)/6.7.19 | 2-16 To 2-22, 2-25, 3-10(3), 3-22 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി3/1072/2018(8)/6.7.19 | 3-11 |
| 2009-10, 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി3/61072/2018(10)/6.7.19 | 3-13(2), 3-13(3), 3-13 (6) |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി3/262/15 തീ.14.07.15 | 1-5, 3-4, 3-5, 3-6, 3-7,<br>3-8, 3-11, 3-15, 3-16,<br>3-17, 3-18, 3-19, 3-20,<br>3-21, 3-23, 4-7 |
| 2012-13, 13-14 | കെ.എസ്.എ.കെ.കെ.ഡി.പി3/404/16 തി:15.03.16 | 2-1 (1മുതൽ -20 വരെ), 22, 2-1(2), 2-2(1), (2), (5), 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-21, 3-22, 3-24, 3-25, 4-1 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി3/1562/17 തി:02.06.17 | 2-1, 2-2, 3-1,3-2, 3-3, 3-4, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 4-1, 4-3 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി3/1737/2018(1)/26.6.19 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-10, 3-20, 3-22, 3-23 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി3/1371/18 തി:23.06.17 | 3-2, 3-5, 3-7, 3-8, 3-9, 3-10, 3-15, 3-17, 3-18, 3-19, 4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി3/494/തീ.9.4.19 | 1-12(1,2,4,5,6,8,9),<br>2-2(1), 2-3(1,2,3), 2-5, 2-6, 2-7, 2-8, 2-9(1), 2-9(2), 2-9(3), 2-10, 3-1, 3-2, 3-3, 3-4, 3-5, 3-8,3-9, 3-10, 3-11, 3-14, 3-15,3-17, 3-19, 3-22, 3-23, 3-24, 4-1 |
| 2018-19 | നം.കെ.എസ്.എ/കെ.കെ.ഡി/പി.1 /1699 /2019 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്